"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവല്ല മാസ്റ്റർ പ്ലാനിന്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(8), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22, എന്നിവ പ്രകാരം അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ.(കൈ) നം.244/2022/LSGD തീയതി,തിരുവനന്തപുരം, 31-10-2022

പരാമർശം:-
1. 16/11/2019-ലെ സ.ഉ.(കൈ)നം. 146/2019/തസ്വഭവ
2. 12/08/2020-ലെ സ.ഉ.(കൈ)നം. 129/2020/തസ്വഭവ
3. 23/01/2021-ലെ സ.ഉ.(കൈ)നം. 17/2021/തസ്വഭവ
4. 18/05/2021-ലെ സ.ഉ.(കൈ)നം. 92/2021/തസ്വഭവ
5. 20/09/2021-ലെ സ.ഉ.(കൈ)നം. 209/2021/തസ്വഭവ
6. 19/02/2022-ലെ സ.ഉ.(കൈ)നം. 30/2022/തസ്വഭവ
7. തിരുവല്ല നഗരസഭ കൗൺസിലിന്റെ 16-09-2020-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം
8. തിരുവല്ല നഗരസഭ കൗൺസിലിന്റെ 04-05-2022-ലെ 8-ാം നമ്പർ തീരുമാനം.
9. 22/06/2022 തീയതിയിലെ തിരുവല്ല നഗരസഭ സെക്രട്ടറിയുടെ ടിപി/3236/16 നമ്പർ കത്ത്.
10. 12/09/2022 തീയതിയിലെ തിരുവല്ല നഗരസഭ സെക്രട്ടറിയുടെ ടിപി/3236/16 നമ്പർ കത്ത്.
11. മുഖ്യനഗരാസൂത്രകന്റെ 05/08/2022, 06/10/2022 എന്നീ തീയതികളിലെ ടിസിപിസിടിപി/1446/2020-എഫ്2 നമ്പർ കത്തുകൾ.

ഉത്തരവ്

തിരുവല്ല നഗരസഭാ മാസ്റ്റർപ്ലാനിന് പരാമർശ(1) ഉത്തരവ് പ്രകാരം സർക്കാർ പ്രസിദ്ധീകരണ അനുമതി നൽകിയിരുന്നു. തുടർന്ന് കരട് മാസ്റ്റർ പ്ലാൻ 21-01-2020-ലെ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും കരട് മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും

സ്വീകരിച്ചിട്ടുള്ളതുമാണ്. കരട് മാസ്റ്റർ പ്ലാനിന്മേൽ ലഭിച്ച ആക്ഷേപങ്ങളിലും നിർദ്ദേശങ്ങളിലും സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, തുടർ നടപടികൾ സ്വീകരിച്ച് സർക്കാരിലേയ്ക്ക് ഉചിത മാർഗ്ഗേന സമർപ്പിക്കുന്നതിനുള്ള സമയം, പരാമർശം (2), (3), (4), (5), (6) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 30-06-2022 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്.

(2) തിരുവല്ല നഗരസഭയുടെ പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാനിന്മേൽ, സ്പെഷ്യൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ, ചെയർമാനും മറ്റ് കൗൺസിൽ അംഗങ്ങളും സമർപ്പിച്ച നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച്, ആവശ്യമായ ഭേദഗതി നിർദ്ദേശങ്ങളോട് കൂടി, പരാമർശം (7) കൗൺസിൽ തീരുമാനം പ്രകാരം തിരുവല്ല നഗരസഭ കൗൺസിൽ അംഗീകരിക്കുകയും തുടർന്ന് പുതുക്കിയ മാസ്റ്റർ പ്ലാൻ നഗരസഭ കൗൺസിൽ അംഗീകരിച്ച്, അന്തിമ അംഗീകാരം ലഭിക്കുന്നതിനായി ആയത് മുഖ്യനഗരാസൂത്രകൻ മുഖാന്തിരം സർക്കാരിലേയ്ക്ക് സമർ പ്പിക്കുന്നതിനു പരാമർശം (8) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനിക്കുകയും പരാമർശം (9) പ്രകാരം മുഖ്യനഗരാസൂത്രകൻ മുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

(3) 2021 ലെ കേരള നഗരഗ്രാമാസൂത്രണ (ഭേദഗതി) ആക്ട്ട് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് പ്രസിദ്ധീകരിച്ച മാസ്റ്റർപ്ലാൻ ആയതിനാൽ തിരുവല്ല നഗരസഭാ പ്രദേശത്തിനായുള്ള കരട് മാസ്റ്റർ പ്ലാനിൽ റിസ്ക് സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടുള്ളതല്ല എന്നും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്ക്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്തിട്ടുള്ളതല്ലെന്നും മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു. കൂടാതെ, അന്തിമ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് Risk Informed Master Plan തയ്യാറാക്കി അന്തിമ മാസ്റ്റർ പ്ലാനിനോടൊപ്പം കൂട്ടിച്ചേർക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണെന്നും പരാമർശം (10) പ്രകാരം നഗരസഭാ സെക്രട്ടറി അറിയിച്ചതായും മുഖ്യനഗരാസൂത്രകൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസിദ്ധീകൃത തിരുവല്ല കരട് മാസ്റ്റർ പ്ലാനിന്മേലുള്ള പൊതുജനങ്ങളുടെ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഹരിക്കുന്നതിന് പുതുക്കിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ച പ്രബല്യത്തിൽ വരുത്തേണ്ടതുണ്ടെന്നും ആയത് അംഗീകരിച്ച പ്രബല്യത്തിൽ വരുന്ന മുറയ്ക്ക് റിസ്ക് സംബന്ധിച്ച വിവരങ്ങൾ കൂടി പരിഗണിച്ച്, പമ്പാ ബേസിനിൽ ഉൾപ്പെടുന്ന പ്രസ്തുത നഗരത്തിനു പുതുക്കിയ മാസ്റ്റർ പ്ലാൻ/ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും പരാമർശം (11) പ്രകാരം മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു.

(4) തിരുവല്ല നഗരസഭയ്ക്കായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്, ആയതു അംഗീകരിക്കുവാനുള്ള തിരുവല്ല മുനിസിപ്പൽ കൗൺസിലിന്റെ 04/05/2022-ലെ നം. 8

തീരുമാനപ്രകാരമുള്ള ശിപാർശ പരിഗണിച്ച് കൊണ്ട്, നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 36(8), കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021-ലെ ചട്ടം 22, എന്നിവ പ്രകാരം അനുമതി നൽകാവുന്നതാണെന്നും പരാമർശം (11) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, തിരുവല്ല നഗരസഭ കൗൺസിലിന്റെ തീരുമാനം എന്നിവ പരിഗണിച്ചുകൊണ്ട്, തിരുവല്ല മാസ്റ്റർ പ്ലാനിന്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(8), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22, എന്നിവ പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, പത്തനംതിട്ട (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, തിരുവല്ല നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Anilkumar C
Date: 31-10-2022 16:24:46
സെക്ഷൻ ഓഫീസർ